**കേരള സർക്കാർ**

നം.ബി2/278/2019-ഗതാ
ഗതാഗത (ബി) വകുപ്പ്
തിരുവനന്തപുരം
തീയതി: 07/08/2021

## സർക്കുലർ

വിഷയം :- ഗതാഗത വകുപ്പ് - സർക്കാർ വാഹനങ്ങളുടെ ഇൻഷുറൻസ് - നിലവിലെ സർക്കുലർ ഭേദഗതി ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 20.10.2020 തീയതിയിലെ ബി2/278/2019-ട്രാൻസ് നമ്പർ സർക്കുലർ.

സർക്കാർ വാഹനങ്ങൾക്ക് ഇൻഷുറൻസ് പോളിസി പുതുക്കുന്ന സമയത്ത് പാക്കേജ് ഇൻഷുറൻസ് പോളിസി എടുക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകികൊണ്ട് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. സംസ്ഥാന മന്ത്രിമാർ, ചീഫ് സെക്രട്ടറി, ഗവ. സെക്രട്ടറിമാർ, കീഴ് കോടതികളിലേയും ഹൈക്കോടതികളിലേയും ഉദ്യോഗസ്ഥർ, വകുപ്പ് മേധാവികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ / ബോർഡ് / കോർപ്പറേഷനുകൾ / സ്വയംഭരണ സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവിടങ്ങളിലെ മേധാവികൾ എന്നിവർ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് പുതുതായി പോളിസി എടുക്കുമ്പോഴോ നിലവിലുള്ളവ പുതുക്കുമ്പോഴോ എല്ലാ തരത്തിലുമുള്ള ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന **"Comprehensive Insurance Policy"** എടുക്കണമെന്നും, മറ്റെല്ലാ വാഹനങ്ങൾക്കും അതാത് സ്ഥാപനങ്ങളുടെ / വകുപ്പുകളുടെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് എല്ലാവിധ ഇൻഷുറൻസ് പരിരക്ഷയും ലഭിക്കുന്ന **Comprehensive Insurance Policy** അല്ലെങ്കിൽ **"Act only Policy" with legal liability coverage,** ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും (ഇവ രണ്ടിൽ ഏതെടുക്കണമെന്നത് അതാത് വകുപ്പ് / സ്ഥാപന മേധാവികൾക്ക് ഇൻഷുറൻസ് വകുപ്പുമായി ബന്ധപ്പെട്ട് തീരുമാനം എടുക്കാവുന്നതാണ്) എടുത്തിരിക്കേണ്ടതുമാണെന്നുമുള്ള നിബന്ധന ഉൾപ്പെടുത്തി പരാമർശ സർക്കുലറിൽ ഭേദഗതി വരുത്തുന്നു.

മേൽ ഭേദഗതികളോടെ പരാമർശ സർക്കുലർ നിലനിൽക്കുന്നതാണ്.

ഡോ. വി.പി.ജോയ്
ചീഫ് സെക്രട്ടറി

പകർപ്പ്:
സെക്രട്ടേറിയേറ്റിലെ നിയമ, ധനകാര്യ വകുപ്പ് ഉൾപ്പെടെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർ / വകുപ്പ് മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്)
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ